
BOOK
GOVT.THS KODUNGALLUR
little KITEs
ചിമിഴ്

# GOVT. TECHNICAL HIGH SCHOOL KODUNGALLUR

EMAIL:**thskodungallur@gmail.com**



# ആശംസ



ഭാവി സാങ്കേതിക വിദ്യകളായ virtual reality , augmented reality ,artificial intelligence , robotics എന്നീ മേഖലകളിലൂടെ ലോകം മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നു .ഈ വേളയിൽ ലിറ്റിൽ കൈറ്റ്സ് പ്രതിഭകളുടെ ഈ ഡിജിറ്റൽ മാഗസിൻ അധ്യാപകരുടെയും

വിദ്യാർത്ഥികളുടെയും സർവ്വതോന്മുഖ സർഗ്ഗവാസനകളുടെ മികവ് ജ്വലിക്കുന്നതും വൈവിധ്യങ്ങളുടെ കലവറകളും സഹജീവികളുടെ പ്രചോദനവും സാധ്യമാകട്ടെ എന്ന് ആശംസിക്കുകയും എല്ലാ വിധ പിന്തുണയും വാഗ്ദാനവും നൽകികൊണ്ട് ഇതിനോടൊപ്പം ഞാനും................

– സൂപ്രണ്ട്

സാബു.കെ.ജി

# വരികളിലൂടെ,

നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ വിദ്യാഭ്യാസം ഒരു നിലക്കാത്ത അരുവി പോലെ ഒഴുകികൊണ്ടിരിക്കുകയാണ്.പണ്ടത്തെ കാലഘട്ടങ്ങളിലേക്കാൾ ഇന്നത്തെ കാലഘട്ടം പുരോഗമിച്ചിരിക്കുന്നു .പണ്ട് ഉപയോഗിച്ചിരുന്ന താളിയോലകൾക്കു പകരം ഇന്ന് ടാബുകളും ലാപ്പുകളും ആയി. തലമുറകൾ മാറിവരുംതോറും വിദ്യാഭ്യാസ രംഗത്തും ധാരാളം പുരോഗമനങ്ങൾ വന്നു കൊണ്ടിരിക്കുന്നു .ഓരോ വിദ്യാർത്ഥികളുടെയും ചിന്തകൾ വ്യത്യസ്തമാണ് വരും കാലഘട്ടം വളരെ മനോഹരവും സുന്ദരവുമാക്കാൻ നാം ഓരോരുത്തരും

പരിശ്രമിച്ചുകൊണ്ടിരിക്കണം ഒരു ദിവസം നാം കണ്ട സ്വപ്നങ്ങൾ സത്യമാകും നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന കഴിവുകളെ നാം

പുറത്തുകൊണ്ടുവരണം.അങ്ങനെ പുറത്തുകൊണ്ടുവരുന്നവനാണ് ജീവിതത്തിൽ യഥാർത്ഥ വിജയം കൈവരിക്കുന്നത്.പല പ്രതികൂല സാഹചര്യങ്ങളും മറികടന്നു നാം ഒരു ദിവസം വിജയം കൈവരിക്കുമെന്നത് തീർച്ചയാണ്

ഇനി വരുന്ന ഓരോ പ്രഭാതവും പുതു തലമുറകളുടേതാകട്ടെ എന്നാശംസിക്കുന്നു

-എഡിറ്റർ

# ചിമിഴിനു പിന്നിൽ......

## *EDITOR*

*AKASH.T.T*

## *SUB- EDITORS*

*NIKHESH.K.S*

*MUHAMMED SINAN.K.K*

## *EDITORIAL CO-ORDINATORS*

*HARI KRISHNAN.V.U*

*AREEB.T.K*

*FAHAD.K.Y*

*PRAJIN.P.S*

*ADHARSH RAGHU*

*AMRADH*

***KITE MASTER:VIJAY KUMAR***

***KITE MISTRESS:BINDU.P.D***

# താളുകളിലൂടെ

വ്യഥ.....................................................................9
തുറന്നിട്ട ജാലകങ്ങൾ..........................................12
കഥയെ സ്നേഹിച്ച കഥാനായകൻ......................13
ഒരു വവ്വാലിന്റെ കഥ..............................................16
പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്...................................18
ചന്ദ്രന്റെ ഉള്ളറകൾ...............................................23
ഒരു നുണയന്റെ കഥ.............................................26
THE MAGIC POT...................................................32
ടി.എച്ച്.എസിന്റെ കലാപ്രതിഭകൾ......................33
അഭിമാന നിമിഷം................................................34
ഈ വർഷത്തെ നേട്ടങ്ങൾ.....................................35
കലാമേളയിലെ വിജയത്തിളക്കം........................36
കായികമേളയിൽ ഓവറോൾ നേടിയ
കൊടുങ്ങല്ലൂർ Govt.THS ടീം................................37
ശാസ്ത്രമേളയിലെ പ്രതിഭകൾ..............................38
കലാമേള ടീം.........................................................39
നന്ദി.......................................................................40

# വ്യഥ

എൻ ശബ്ദമില്ലാത്ത ഭാഷയെ
ഹൃദയം കൊണ്ട് വായിക്കവേ
മുറിഞ്ഞ എന്റെ മനം വെറുതേ വിതുമ്പിയോ
വെട്ടിമാറ്റുന്ന ബന്ധങ്ങൾക്കിടയിൽ
ആത്മ ബന്ധത്തിന്റെ പിടച്ചിൽ കണ്ടു ഞാൻ...
ഇനിയുമുണ്ടേറെ നോവുകൾ
ഭൂതകാലം ഇരുണ്ടു പോയെങ്കിലും
എന്നാത്മ കഥയിലെ ഏടുകൾ മറിച്ചിടുമ്പോൾ
വിങ്ങി വിതുമ്പുന്ന ഓർമ്മകൾ കാണാം
കത്തിയമരാൻ കൊതിക്കുന്ന
ഇനിയും, കൊളുത്തിടാത്ത വാതിലുണ്ടതിനുള്ളിൽ
കൂടെകത്തിയമരാത്ത ഒരു ചിതയും


പ്രതിക്ഷകളെല്ലാം നിസ്സഹായതത്തോടെ കുമ്പിട്ടു നിൽക്കുന്നു
എത്ര കാതങ്ങൾ സഞ്ചരിച്ചാലും
ഓർമ്മ വീഥികൾ അവസാനിക്കുന്നില്ല" "


എന്നിലേക്കു തന്നെ ചുരുങ്ങി പോകുന്ന, ഉത്തരമില്ലാത്ത
ചോദ്യമാണെൻ ജീവിതം
വഴികളല്ലാം എന്നേ മറന്നു പോയിരിക്കുന്നു ഞാൻ
നിഴലിനു പോലും നിഴലില്ലാതായിരിക്കുന്നു

പൊട്ടിത്തകർന്ന ചിത്ര വീണയെടുത്തു ഞാൻ
വീണ്ടുമൊരു ശ്രുതി മീട്ടാൻ തുടങ്ങവേ :
ഒരപശ്രുതിയുടെ ആന്തോളനം മാത്രം കേൾക്കുന്നു ഞാൻ
ജീവിതയാത്രയിൽ നാം ഓരോരുത്തരും തനിച്ചാണെന്ന
ബോധമെന്നെ
അതിജീവനത്തിനായ് പ്രേരിപ്പിക്കുന്നു
നിശ്ചയം, ഒന്നും നാം പഠിക്കേണ്ടതില്ല
ജീവിതം നമ്മെ പഠിപ്പിച്ചീടും പലപ്പോഴായ് '

ശുഭം

ഷാഹിത.വി.ഐ







by
**Shahensha shameer**
**IX B**

# തുറന്നിട്ട ജാലകങ്ങൾ

ഞാനെന്റെ മനസ്സിൽ പഴകിയ ജാലകങ്ങൾ
വെറുക്കാതെ തുറക്കുവാൻ ശ്രമിക്കുന്നു ,
തുറന്നിട്ട ജാലകപാളികളിലൂടെ ഞാൻ
വെറുതെ നോക്കുവാൻ ഭാവിക്കുന്നു ,
ഇതിലൂടെയെൻ നൊമ്പരങ്ങളെ
മരവിപ്പിക്കാൻ ശ്രമിക്കുന്നു ഞാൻ....
കറുപ്പാൾ നിറങ്ങ ത്രിസന്ധ്യകളിൽ നിന്നും
എൻ നിലാപൊയ്കയിൽ ആമ്പൽ വിരിയുന്നിന്നെനിക്
ഇന്നലെ കയ്പുനീർ സേവിച്ച ഞാനിതാ ,
മാധുര്യത്തിൽ മധുപാത്രം നുകര്ന്നു
രാത്രിതൻ നിഴലിൽ ഇരുന്ന എൻ ജീവിതം
ഇന്നിതാ പുലരിതൻ കൈകുമ്പിളിൽ ശോഭിക്കുന്നു .
മരണത്തിന് വാതിലുകൾ തുറന്നിട്ടിരിക്കുന്നിതാ ,
വിശ്രമത്തിൻ സുഖോദയം എനിക്ക് സമ്മാനിക്കു ...
ഇന്നലെ നോവിന്റെ പിടിയിലമർന്ന ഞാൻ
ഇന്നിതാ ആകാശത്തിൽ അൾത്താരയായി മിഴിചിമുന്നു.
ഇന്നിതാ കാണുന്നു നിൻ രൂപമാകെയെൻ
തുറന്നിട്ട ജാലകങ്ങളിലൂടെനിത്യം.

ജ്യോതിർ കൃഷ്ണ വി.യു X A

# കഥയെ സ്നേഹിച്ച കഥാനായകൻ

ഈ കഥ തുടങ്ങുന്നത് ഒരു ഗ്രാമത്തിലാണ് അവിടെ കഥയെ സ്നേഹിച്ചിരുന്ന ഒരു കുട്ടി ഉണ്ടായിരുന്നു. അവൻ ഓരോ കഥകളും വായിക്കുമായിരുന്നു. അവൻ വായിക്കുന്ന കഥകളിലെ കഥാപാത്രങ്ങളെ അനുകരിക്കുവാൻ ശ്രമിക്കുമായിരുന്നു

ഒരു ദിവസം അവൻ ഒരു വ്യത്യസ്തമായ കഥ വായിക്കാനിടയായി. ആ കഥ ഒരു ഗ്രാമത്തിലെ കഥയെ അകമഴിഞ്ഞ് സ്നേഹിക്കുന ഒരു കുട്ടിയുടേതായിരുന്നു.ആ കഥ അവന്റെ ജീവിതവുമായി വളരെയധികം ബന്ധപെട്ടിരിക്കുന്നു. ഇവന്റെ ജീവിതം വളരെ കഷ്ടപ്പാടു നിറഞ്ഞതായിരുന്നു. വളരെ ദാരിദ്ര്യമായിരുന്നു അവരുടെ കുടുംബത്തിൽ. എന്നാലും അവന്റെ മാതാപിതാക്കൾ അവനിലെ കലാവാസനയെ തിരിച്ചറിഞ്ഞിരുന്നു .അവന് ഓരോ പുസ്തകങ്ങൾ വാങ്ങി കൊടുക്കുമായിരുന്നു. ആ കഥകളിലെ കഥാപാത്രങ്ങളെ അനുകരിക്കുന്നതിലൂടെ അവനിൽ ഒരു കലാകാരൻ ഉടലെടുക്കുകയായിരുന്നു . അവന് അന്ന് വായിച്ച കഥയിൽ, കഥകളിൽ നിന്ന് ഊർജം ഉൾകൊണ്ട് സ്വയം ഒരു കഥാകൃത്തായി മാറിയ ഒരു കുട്ടിയുടേതായിരുന്നു . ആ കഥയിലെ കുട്ടിയെ പോലെ അങ്ങനെ ഒരു വലിയ നിലയിലെത്തി അവന്റെ കഷ്ടപ്പാടുകൾ

നീക്കണം അവന് അവന്റെ മനസ്സിൽ ഉറപ്പിച്ചു . അങ്ങനെ അവന് കഥ എഴുതാൻ തുടങ്ങി . അവന്റെ ജീവിതാനുഭവങ്ങൾ അവനിലൂടെ കടലാസിലെ അർത്ഥവത്തായ വാക്കുകളായി മാറി . അവന്റെ കഥകൾ അവനെയും അവന്റെ ഗ്രാമത്തെ പറ്റിയുമായിരുന്നു . അങ്ങനെ എഴുത്ത് പുരോഗമിച്ചുകൊണ്ടിരുന്നു . ഒരു ദിവസം അവൻ അവന്റെ വീടിനടുത്തുള്ള പച്ചപരവതാനി വിരിച്ചതു പോലെയുള്ള പാടത്തിന് കരയിലൂടെ
നടന്നുപോകുമ്പോൾ ഒരു വൃദ്ധയായ സ്ത്രി അവന്റെ കണ്ണിൽ പെട്ടു. അവൻ ആ സ്ത്രീയോട് അവരെ കുറിച്ച് ചോദിച്ചു . ആ സ്ത്രീയെ സ്വന്തം മക്കൾ ഉപേക്ഷിചിട്ടു പോയതാണ് . ആ 'അമ്മ മക്കളെ പൊന്നുപോലെയാണ് നോക്കി വളർത്തിയത് എന്നാൽ അമ്മയ്ക് പ്രായമായപ്പോൾ അവർ ആ അമ്മയെ ഉപേക്ഷിച്ചു . ആ കുട്ടിക്ക് വളരെ ദുഃഖം തോന്നി . അവന്റെ ഉള്ളിൽ അവർക്കു വേണ്ടി എന്തെങ്കിലും ചെയ്യണമെന്നു തോന്നി . അങ്ങനെ അവൻ ആ 'അമ്മയുടെ ജിവിതത്തെ ആസ്പദമാക്കി ഒരു കഥയെഴുതാൻ തുടങ്ങി അവന്റെ ഉള്ളിലെ ദുഃഖം അവന്റെ കൈകളിലൂടെ ഒരു കടലാസിലേക്ക് രചിക്കപ്പെട്ടു അവിടെ ഒരു നല്ല കഥ ഉടലെടുത്തു അവൻ ആ കഥ സമൂഹത്തിൽ പ്രചരിപ്പിച്ചു .അങ്ങനെ ആ അമ്മയുടെ മക്കൾ ആ കഥ വായിക്കാനിടയായി . അവരുടെ ഉള്ളിലെ കുറ്റബോധം കണ്ണുകളില്ലടെ ഒരു നീരുറവയായി ഒഴുകാൻ തുടങ്ങി അവർ അങ്ങനെ ആ നാട്ടിലെത്തി അവരുടെ അമ്മയെ സ്നേഹത്തോടെ അവരുടെ ജീവിതത്തിലേക്ക്

തിരിച്ചു വിളിച്ചു . അവർ സന്തോഷമായി തിരിച്ചു പോയി . ആ അമ്മയെ അവന്റെ കല കൊണ്ട് സഹായിച്ചപ്പോൾ അവനെ എന്തെന്നില്ലാത്ത ഒരു സന്തോഷം തോന്നി . അവരുടെയെലാം അനുഗ്രഹംകൊണ്ടാകാം അവൻ ഒരു വലിയ എഴുത്തുകാരനായി എങ്ങനെ ഉണ്ടായ ഓരോ അനുഭവവും അവൻ അവന്റെ പേന കൊണ്ട് കടലാസ്സിൽ കുറിച്ചു . അവന്റെ ഗ്രാമത്തിലെ ഓരോന്നിനെ കുറിച്ചും അവൻ കഥകൾ രചിച്ചു . അങ്ങനെ അവനും അവന്റെ ഗ്രാമവും അവിടത്തെ മനുഷ്യരും അറിയപ്പെടാൻ തുടങ്ങി . അവന്റെ മനസ്സിൽ ഉയരുന്ന ഓരോ ചോദ്യങ്ങൾക്കും അവൻ കഥയിലൂടെ മറുപടി നല്കാൻ തുടങ്ങി . പണ്ട് അവൻ കഥകളെ സ്നേഹിച്ചിരുന്നത് പോലെ മറ്റുള്ളവർ അവന്റെ കഥയെ സ്നേഹിക്കുന്നു .

"നമ്മുടെ ജീവിതം ഒരു കഥയാണ് ആ ജീവിതമാകുന്ന കഥയിലെ കഥാപാത്രങ്ങൾ മാത്രമാണ് നാം".

**ഹരികൃഷ്ണൻ വി.യു**

**IX B**

# ഒരു വവ്വാലിന്റെ കഥ

അന്ന് ഇരുട്ടുള്ള രാത്രി ഓരോ ചില്ലകളിൽ നിന്നും ഇലയുടെ മറവിലൂടെ ആടി തൂങ്ങി രസിക്കുന്ന ഒരു വവ്വാലിന്റെ കഥയാണ്. അന്ന് ആ കാലത്തെ ഘോരമായ വനത്തിൽ ഓരോരൊ വൃക്ഷത്തിന്റെ ചില്ലകളിൽ തൂങ്ങി കിടക്കുന്ന ഒരു ജീവിയാണ് വവ്വാൽ. ഈ വവ്വാലുകൾ ജപ്പാനിലെ സൈക്ലോക്ലോറിയ എന്ന സ്ഥലത്തുനിന്ന് പാലായനം ചെയ്തു വന്നവരാണവർ. അങ്ങനെ ഒരു നാൾ അവൻ പിറന്നു. ആകാശം പിളർത്തി വവ്വാലുകളുടെ നായകനായി അവൻ ജന്മമെടുത്തു. വനത്തിൽ ഘോര ശബ്ദങ്ങൾ അവന്റെ വരവറിയിച്ചു. അവിടെ അവൻ കോളിളക്കം സൃഷ്ടിച്ചു. അവൻ അവരുടെ ഒരേയൊരു രാജാവായി. അങ്ങനെ ഒരു നാൾ ആ കാട്ടിൽ അമേരിക്കയിൽ നിന്ന് കുന്തള ദേശത്തെ വവ്വാൽ റാണി ഈ ഘോരവനത്തിലേക്ക് വരുന്നു. അങ്ങനെ വവ്വാലും വവ്വാൽ റാണിയും പ്രണയത്തിലായി. അത് കാടു മൊത്തം അറിഞ്ഞു. പിന്നെ കാട്ടിൽ ആഘോഷത്തിനു കൊടിയേറി. അവിടെ എല്ലാ മൃഗങ്ങളും വന്നെത്തി. അങ്ങനെ അവർ സന്തോഷത്തിലിരിക്കുന്ന സമയത്താണ് അവിടേക്ക് ആരും പ്രതീക്ഷിക്കാത്ത ഒരു പ്രൊജക്ടുമായി കുത്തക സമുദായത്തിന്റെ കുറെ കോൺട്രാക്ടർമാർ വന്നത്. അവർ കാട് കയ്യടക്കി. ഇതു സഹിക്കാൻ വയ്യാതെ കുന്തള

ദേശത്തെ വവ്വാൽ റാണി ഇതിനെതിരെ പ്രതിഷേധിച്ചു. അവർ പണിയാനിരുന്ന പുട്ടിയെടുത്ത് വെള്ളത്തിൽ കലർത്തി അതിലേക്ക് ചാടി വീണ് ആത്മഹത്യ ചെയ്തു. ഇതറിഞ്ഞ വവ്വാൽ കോപിഷ്ഠനായി. അവൻ പദ്ധതിയിട്ടു. ഇവിടെ ഉള്ള മൊത്തം കോൺട്രാക്ടർമാർക്കും നിപ്പ എന്ന ക്രൂരമായ വൈറസ് പടർത്തണം. അങ്ങനെ ആ പദ്ധതി വവ്വാലിന് തിരിച്ചടിയായി. ആ കാട്ടിലുള്ള എല്ലാ മൃഗങ്ങൾക്കും വൈറസ് പടർന്നു. അങ്ങനെ എല്ലാ മൃഗങ്ങളും സസ്യജാലങ്ങളും വവ്വാലിനെതിരായി . അങ്ങനെ നാട്ടുകാരുടെ എതിർപ്പും വവ്വാലിന് സ്വന്തം ഭാര്യയോടുള്ള സ്നേഹവും കാരണം വവ്വാൽ സങ്കടത്തോടെ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു. അങ്ങനെ അവൻ പുഴയിലേക്ക് ചാടി. കുറച്ച് സമയം കഴിഞ്ഞപ്പോൾ കുറച്ച് സമയം കഴിഞ്ഞപ്പോൾ വെള്ളത്തിൽ ശ്വാസം മുട്ടികൊണ്ടിരിക്കുന്ന വവ്വാലിന്റെ ചിറകു പിടിച്ചു ഒരു വവ്വാൽ വന്നു. ആ വവ്വാലിന് സ്വന്തം ഭാര്യയുടെ അതേ രൂപമായിരുന്നു. അവർ ഇത്തിരി നേരം കാര്യങ്ങൾ പങ്കുവെച്ചപോഴാണ് വവ്വാലിന് മനസ്സിലായത് ഇതവന്റെ സ്വന്തം ഭാര്യയാണെന്ന്. വെള്ളത്തിൽ വീണ് മരിച്ച അവന്റെ ആത്മാവിനെയാണ് ഭാര്യ കൈപിടിച്ചു കയറ്റിയത്. അങ്ങനെ അവർ അവരുടേതായ ലോകത്തിലേക്ക് കടന്നു ചെല്ലുന്നു

**എബിൻ. കെ. ആന്റണി**

**IX B**

# പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്

ജീവിതത്തെ ശീലിപ്പിക്കുന്നതാണ് ജീവിത ശൈലികൾ. ഓരോരുത്തരുടെയും ജീവിതം വ്യത്യസ്തപ്പെട്ടിരിക്കുന്നു. ഓരോരുത്തരും ഉപയോഗിക്കുന്ന വസ്തുക്കൾ വ്യത്യസ്തമേറിയതാണ്. ഇപ്പോൾ ഇവിടെ പ്ലാസ്റ്റിക്ക് വിമുക്ത ക്യാമ്പസിനെക്കുറിച്ചുള്ള സങ്കൽപങ്ങൾ വ്യക്തമാക്കാം.

പണ്ടുകാലങ്ങളിൽ ഓരോ വിദ്യാർത്ഥിയും വിദ്യാലയത്തിൽ പോയിരുന്നത് തുണി കൊണ്ടുള്ള സഞ്ചിയും ഹീറോ പേനയും ആയിരുന്നു. എന്നാൽ ഇപ്പോൾ പഠനം ഇരട്ടി ശക്തിയായി നിൽക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന വസ്തുക്കൾക്കും വളരെയധികം മാറ്റം വന്നിരിക്കുന്നു. പ്ലാസ്റ്റിക്ക് ബാഗുകളും ഉപയോഗശേഷം വലിച്ചെറിയുന്ന പേനകളുമാണ് ഇപ്പോൾ കൂടുതൽ കുട്ടികളും ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. വിദ്യാലയങ്ങളിൽ ആയാലും ബ്ലാക്ക് ബോർഡുകൾ ഒഴിവാക്കി പ്ലാസ്റ്റിക്ക് ബോർഡുകൾ ആക്കിയിരിക്കുന്നു. ജീവിതത്തിനും ജീവിത രീതികൾക്കും പഴയ കാലഘട്ടത്തിൽ നിന്നും. വ്യത്യസ്തമായിട്ടാണ് മാറികൊണ്ടിരിക്കുന്നത്. ജീവിതത്തെ കൂടുതൽ ഉന്നതിയിലെത്തിക്കാൻ ശ്രമിക്കുമ്പോൾ ഒരു വഴിയിൽ നിന്ന് ജീവിതം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം പ്രകൃതിയെ നന്നായി ബാധിച്ചിരിക്കുന്നു എന്ന് കുറച്ച് കാലങ്ങളായി പ്രകൃതി തന്നെ നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. ഇത് വഴി പ്രകൃതിയിൽ സംഭവിക്കുന്ന മാറ്റങ്ങൾ ഒട്ടനവധി ജീവിതങ്ങളെ ഇല്ലാതാക്കി.

ഇത്തരം കാര്യങ്ങളെല്ലാം ചിലർ മനസ്സിലാക്കിയിരിക്കുന്നു. കുറച്ചു കാലങ്ങളായി അതിനുള്ള സേവനങ്ങൾ ഒരുക്കിയിരിക്കുന്നു. വിദ്യാലയങ്ങളിൽ പ്ലാസ്റ്റിക്ക് കുപ്പികളും, പാത്രങ്ങളും എല്ലാം പൂർണ്ണമായി ഒഴിവാക്കുവാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. അത് ഒന്നുകൂടി ശക്തിപ്പെടുത്തണം എന്ന് കരുതുന്നു. അതുപോലെ മിഠായി കവറുകളും പ്ലാസ്റ്റിക്കോ മറ്റെന്തായാലും അതെല്ലാം നിക്ഷേപിക്കാൻ ഓരോ ക്ലാസിലും ചവറ്റുകൊട്ടകൾ ഒരുക്കിയിരിക്കുന്നു.

പ്ലാസ്റ്റിക്ക് വസ്തുക്കൾ അധികമൊന്നും ഉപയോഗിക്കാതിരുന്ന കാലഘട്ടമുണ്ടായിരുന്നു അത് പിന്നീട് കൂടിക്കൂടി വന്നു. ശേഷം കുറച്ച് കാലങ്ങളായി സ്കൂൾ പരിസരങ്ങളിലായാലും മറ്റു പ്രദേശങ്ങളിലായാലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഒരു വിദ്യാലയം എന്ന് പറഞ്ഞാൽ ഒരു ഒന്നൊന്നര സങ്കല്പങ്ങളാണ് എന്റെ മനസ്സിൽ

ഒരു പ്രദേശത്ത് ഒരു വിദ്യാലയം, അവിടെ കൂടുതലും ചെടികളും മരങ്ങളും ആയിരിക്കണം ഉണ്ടാവേണ്ടത്. വിദ്യാലയത്തിന്റെ മുറ്റം നിറയെ പൂചെടികളും, മാവും, വിവിധ

തരം മരങ്ങളും ഉണ്ടാവണം. എല്ലാ വിദ്യാർത്ഥികളും മണ്ണിൽ ഓടിനടന്ന് കളിക്കുന്നു. ചിലർ മണ്ണിലിരുന്നു കൂട്ടമായി പഠിക്കുന്നു. മുറ്റത്ത് പൂക്കളും ഇലകളും അല്ലാതെ മറ്റൊരു മാലിന്യങ്ങളും അവിടെ ഉണ്ടാകാൻ പാടില്ല. വിദ്യാലയ ജീവിതം എപ്പോഴും ആ വിദ്യാലയത്തോടും മണ്ണിനോടും ഇണങ്ങിയതായിരിക്കണം. നമുക്ക് ശേഷം വരാൻ പോകുന്ന തലമുറക്കും പ്രകൃതിയെ ആസ്വാദകരമാക്കണമെങ്കിലും അവരുടെ ജീവിതത്തിൽ ശുദ്ധവായു പകർന്നു നൽകുന്നതിലും പ്രധാന ഉത്തരവാദിത്വം ഇപ്പോൾ ജീവിച്ചു കൊണ്ടിരിക്കുന്ന ഈ തലമുറയുടേതാണ്.

ഓരോ വിദ്യാർത്ഥിയും വിദ്യാലയത്തിൽ ഒരു ചെടിയെങ്കിലും വെച്ചു പിടിപ്പിക്കുക. അത് ഒരു പുൽച്ചെടിയാണെങ്കിൽ പോലും, കാരണം ഇപ്പോൾ ചെടികൾ പോയിട്ട് പുല്ലുകൾ പോലും വളരാൻ സമ്മതിക്കാത്ത മനുഷ്യരാണ്. ഇത്തരത്തിൽ നാം ഓരോ ചെടികളിലൂടെയും നൽകുന്നത് ഒരു ജീവനാണ്. നാം പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നതിലൂടെ പ്രകൃതിക്ക് വരുന്ന ദോഷങ്ങൾക്ക് നാം തീർത്തും ഉത്തരവാദിയാണ്. നാം ഉപയോഗിക്കുന്ന ഓരോ വസ്തുവിലും പ്ലാസ്റ്റിക്ക് അടങ്ങിയിരിക്കുന്നു. ഓരോ വിദ്യാർത്ഥികളും ഇവയെല്ലാം ഒഴിവാക്കുകയാണെങ്കിൽ നമുക്ക് ഒരു നല്ല ക്യാമ്പസ് നിർമ്മിച്ചെടുക്കാൻ സാധിക്കും

നമ്മുടെ ക്യാമ്പിൽ പ്ലാസ്റ്റിക്ക് പൂർണ്ണമായി അകറ്റി നിർത്താൻ ചിലപ്പോൾ സാധിച്ചില്ലെന്നു വരാം. എന്നാൽ അവയുടെ ഉപയോഗം നല്ല രീതിയിൽ കുറക്കുവാൻ നമുക്ക് സാധിക്കും. ഓരോ വിദ്യാർത്ഥിയെയും പ്ലാസ്റ്റിക്കിനെതിരെ ബോധവാന്മാരാക്കുക. വിദ്യാലയങ്ങളിൽ പ്ലാസ്റ്റിക്ക് വിമുക്ത ക്യാമ്പസുകളും, ജാഥകളും നടത്തുക. വിവിധ സന്ദേശങ്ങൾ നിർമ്മിച്ച് കൊണ്ട് അതിന്റെ പ്രാധാന്യത്തെ മറ്റുള്ളവരിലേക്ക് എത്തിക്കുവാനുള്ള ക്ലാസുകളും മറ്റും സംഘടിപ്പിക്കുക. വിദ്യാലയം മാത്രമല്ലാതെ മറ്റു പ്രദേശങ്ങളും നാം ഈ ആശയത്തിന് വേണ്ടി പ്രവർത്തിക്കാൻ പങ്കാളികളാക്കുക.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം മൂലം നശിച്ചു കൊണ്ടിരിക്കുന്ന പല ജീവനും നമുക്ക് രക്ഷിക്കേണ്ടതുണ്ട്. അതിനായി പ്ലാസ്റ്റിക്കിനെ നാം തുരത്തുക ക്യാമ്പസിൽ നിന്നും ജീവിതത്തിൽ നിന്നും. ഓരോ ജീവനും നിലനിർത്തുക എന്നത് നമ്മുടെ കടമയാണ്. അതിനായി പ്ലാസ്റ്റിക്ക് ഉപയോഗ ശേഷം വലിച്ചെറിയാതെ അതിന്റേതായ റീസൈക്ലിങ് പ്രവർത്തന സ്ഥലങ്ങളിലേക്ക് ശേഖരിച്ച് എത്തിക്കുവാൻ ശ്രമിക്കുക. ഓരോ വിദ്യാലയവും പ്ലാസ്റ്റിക്ക് വിമുക്ത ക്യാമ്പസാകണം. അതു പോലെ തന്നെ നമ്മുടെ ലോകവും. ഓരോ സേവനങ്ങളും നമ്മുടെ ജീവിതത്തെ രക്ഷിക്കും അതു പോലെ മറ്റുള്ളവരുടെയും. അതിനായി

ഓരോരുത്തരും ഒരുമയോടെ പ്രവർത്തിച്ചാൽ നല്ലൊരു നാളെയെ സൃഷ്ടിക്കാൻ നമുക്കായേക്കാം

"പ്ലാസ്റ്റിക്ക് വിമുക്ത ക്യാമ്പസ്
സുന്ദരമായ ക്യാമ്പസ് "

എന്ന വാക്കിലൂടെ നിർത്തുന്നു.

**ജയ്ഹിന്ദ്**

**ഫിദ ജഹാൻ**

**X B**

# ചന്ദ്രന്റെ ഉള്ളറകൾ

400 കോടി വര്ഷം പഴക്കമുള്ള പാറകൾ ചന്ദ്രന്റെ ഉപരിതലത്തിലുണ്ട്. പർവതഭാഗങ്ങളിലാണ് ഇത്തരം പാറകൾ കാണപ്പെടുന്നത്. സമതലങ്ങളിൽ കാണപ്പെടുന്ന പാറകൾ പൊതുവെ പ്രായം കുറഞ്ഞവയാണ് .

ചന്ദ്രന് പ്രധാനമായും മൂന്നു ഭാഗങ്ങളുണ്ട്.ബാഹ്യസ്തരം(crust),മധ്യസ്തരം(mantle),കേന്ദ്രഭാഗം (core)എന്നിവയാണ് ഇവ .ചന്ദ്രനിലെ ശിലകളിൽ ടൈറ്റാനിയം കണ്ടെത്തിയിട്ടുണ്ട്.ചന്ദ്രന്റെകേന്ദ്രഭാഗം ലോഹനിർമിതമാണെന്ന് കരുതപ്പെടുന്നു ,ഇതിൽ ഇരുമ്പാണ് പ്രധാന ലോഹം

**ചന്ദ്രനും ഉൽക്കകളും**

ചന്ദ്രനിൽ ഒരു കാലത്ത് ഒട്ടേറെ ഉൽക്കകൾ വന്നു പതിച്ചതായി കരുതുന്നു.അന്തരീക്ഷത്തിന്റെ അഭാവം നിമിതം ഇന്നും ചന്ദ്രനിൽ ഉൽക്കകൾ വന്നു പതിച്ചു കൊണ്ടിരിക്കുന്നു. നിരന്തരമായ ഉൽക്ക പതനം മൂലം തകർക്കപ്പെട്ട പർവ്വതങ്ങളാണ് ചന്ദ്രനിലുള്ളത്.7.9 കിലോമീറ്റർ ഉയരമുള്ള മൗണ്ട് ലിബ്നിറ്റ്സ് ആണ് ചന്ദ്രനിലെ ഏറ്റവും ഉയരം കൂടിയ പർവ്വതം.

**ചന്ദ്രനിലെ കടലുകൾ**

ഭൂമിയിൽ നിന്നുനോക്കുമ്പോൾ ചന്ദ്രനിൽ വ്യത്യസ്തമായ കറുത്ത അടയാളങ്ങൾ കാണുന്നു. ചന്ദ്രനിലെ കടലുകളെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇവ ഭൂമിയിലേതുപോലെയുള്ള ജലസമുദ്രങ്ങളല്ല. കടൽ പോലെ വിസ്തൃതമായ താഴ് വരകളാണിവയെന്ന് പറയാം.
ലാവതണുത്തുറഞ്ഞുണ്ടാകവയാകാം ഈ പ്രദേശങ്ങളെന്ന് കരുതപ്പെടുന്നു. മെയർ ഇമ്പ്രിയം, മെയർ ഹ്യൂമോറം, മെയർ യൂബിയം എന്നിങ്ങനെ ചന്ദ്രനിലെ കടലുകൾക്കു പേരു നൽകിയിട്ടുണ്ട്.

**ഗർത്തങ്ങളുടെ ചന്ദ്രൻ**

ചന്ദ്രനിൽ അനവധി ഗർത്തങ്ങളുണ്ട്. ഇവയിൽ പലതും കിലോമീറ്ററുകൾ വ്യാസമുള്ളവയാണ് . ഭൂമിയിൽ നിന്ന് നോക്കിയാൽ കാണാൻ കഴിയുന്നത്രേ വിസ്തൃതമായ ഗർത്തം അത്തരത്തിൽ ഒന്നാണ്

**ചന്ദ്രനിലെ മണ്ണ്**

ചന്ദ്രനിൽ വന്നു പതിക്കുന്ന ഉൽക്കകളിലെ ഏറ്റവും ചെറിയവ മൈക്രോമിറ്റിയോറൈറ്റുകളാണ്. ഈ ഇത്തിരി കുഞ്ഞന്മാർ വന്ന് വീഴുമ്പോൾ ചന്ദ്രനിലെ പാറകൾ പൊടിയുന്നു . ഇങ്ങനെ പാറ പൊടിഞ്ഞാണ് ചന്ദ്രന്റെ ഉപരിതലത്തിൽ കാണപ്പെടുന്ന റിഗോലിത്ത് മണ്ണ് ഉണ്ടാവുന്നത്

**ചന്ദ്രനിലെ ജലം**

ജലം തേടിയുള്ള മനുഷ്യന്റെ ചന്ദ്ര ഗവേഷണങ്ങൾ തുടങ്ങിയിട്ട് പതിറ്റാണ്ടുകളായി. 1998 ൽ നാസ വിക്ഷേപിച്ച " ലൂണാർ പ്രോസ് പ്രകൂർ " ചന്ദ്രനിലെ ജലം സംബന്ധിച്ച വിശ്വസനീയ തെളിവുകൾ നൽകി. തരിരൂപത്തിലുള്ള ഐസ് ചന്ദ്രനിലുണ്ടെന്ന് ഉറപ്പിച്ചത് 2003 ൽ യൂറോപ്യൻ സ്പേയ്സ് ഏജൻസിയുടെ 'സ്മാർട്ട്-1' എന്ന പേടകം ആയിരുന്നു. ചന്ദ്രയാൻ -1 ൽ നിന്നും ചന്ദ്രനിൽ ഇറങ്ങിയ മൂൺ ഇംപാക്ട് പ്രോബ് (MIP) ചന്ദ്രോപരിതലത്തിലെ ജലസാനിദ്ധ്യം രേഖപെടുത്തിയിട്ടുണ്ട്.

ഇനി വരുന്ന ചാന്ദ്ര ദൗത്യങ്ങൾ ഭൂമിയുടെ ഒരേ ഒരു ഉപഗ്രഹമായ ചന്ദ്രന്റെ കൂടുതൽ വിവരങ്ങൾ നമുക്ക് വെളിപ്പെടുത്തി തരുമെന്ന് പ്രത്യാശിക്കാം

**ബിന്ദു . പി.ഡി**

# ഒരു നുണയന്റെ കഥ

സത്യശീലൻ അതാണ് അവന്റെ പേര്.......

നാട്ടിലുള്ള എല്ലാവർക്കും അവനെ നന്നായി അറിയാം. ഒരിക്കൽ ശാസ്ത്രക്ലാസ്സിൽ കുളത്തിൽ വളരുന്ന ജീവികളെകുറിച്ച് ചാക്കോമാഷ് ക്ലാസ്സെടുത്തുകൊണ്ടിരിക്കുകയാണ് അവൻ പറഞ്ഞത് അവന്റെ വീട്ടിലെ പറമ്പിലുള്ള കുളത്തിൽ രണ്ടുതലയുള്ള “സ്വർണ മത്സ്യം ഉണ്ടെന്ന് !” എല്ലാവരും അവനെ നോക്കി കളിയാക്കിചിരിച്ചു. പക്ഷെ ചാക്കോമാഷ് തെല്ലത് ഭുതത്തോടെ അതിനെപ്പറ്റി കൂടുതൽ ചോദിച്ചു. അവൻ ആ മത്സ്യത്തെക്കുറിച്ചു, ആ സങ്കൽപ്പത്തിലെ മത്സ്യത്തെക്കുറിച്ച് വാതോരാതെ സംസാരിച്ചുകൊണ്ടെയിരുന്നു. അത് കേട്ടപ്പോൾ കുട്ടികൾക്ക് അവനെ വിശ്വാസമായി. അവർക്ക് ആ മത്സ്യത്തെ കാണണമെന്ന് പറഞ്ഞു തന്റെ വീട്ടിലേക്ക് വന്നാൽ കാണിച്ചു തരാമെന്നും പറഞ്ഞു പക്ഷെ അവൻ വളരെയേറെ തന്ത്രപൂർവം അവരെ എല്ലാം പറ്റിച്ചു. ഒരോരോ മുടന്തൻ ന്യായങ്ങൾ പറഞ്ഞ് അവരുടെ മനസ്സിൽ നിന്നും ആ സംഭവത്തെ അവൻ മായിച്ചു കളഞ്ഞു. അതിനുശേഷം ധാരാളം സാങ്കൽപ്പിക കഥാപാത്രങ്ങൾ ക്ലാസ്സിൽ അവൻ അവതരിപ്പിച്ചു. കേട്ടാൽ ആരും വിശ്വസിച്ചു പോകുന്ന തരത്തിലുള്ളതായിരുന്നു അവന്റെ അവതരണം.

സ്വർണ്ണ പാമ്പ്, മൂന്നു കാലുള്ള കോഴി, വെള്ള ചുണ്ടുള്ള തത്ത, മഞ്ഞചിറകുള്ള കാക്ക അങ്ങനെ ........ ഒത്തിരി.

ആയിടക്കാണ് സത്യശീലന്റെ ക്ലാസ്സിലെ ഉബൈദിന്റെ വാപ്പാ ഗൾഫിൽ നിന്നും കൊണ്ടുവന്ന നല്ല നീളവും വണ്ണവുമുള്ള പെൻസിലുമായി ഉബൈദ് വന്നത്. ഉബൈദ് ആഹ്ലാദത്തോടും അഹങ്കാരത്തോടും ആ പെൻസിൽ ഉയർത്തിപ്പിടിച്ചു നടന്നു. സത്യശീലന് അത് തീരെ പിടിച്ചില്ല. ആരും അറിയാത്തതക്കം നോക്കി ഇന്റെർവെല്ല് സമയത്ത് അവൻ അത് കൈക്കലാക്കി. ഇന്റെർവെല്ല് കഴിഞ്ഞു വന്ന് പെൻസിൽ നോക്കിയ ഉബൈദ് അമ്പരന്നു..... "എന്നെ വാപ്പാ തല്ലും ..... അയ്യോ എനിക്ക് വീട്ടിൽ പോകേണ്ട ". അവനെ ആശ്വസിപ്പിക്കുന്ന കൂട്ടത്തിൽ സത്യശീലനുമുണ്ടായിരുന്നു ഉള്ളിൽ സന്തോഷവുമായി. ടീച്ചർ വന്ന് അവരുടെയെല്ലാം ബാഗ് പരിശോധിച്ചു പക്ഷെ തന്ത്രശാലിയായ സത്യശീലൻ അത് .മറ്റൊരിടത്തേക്ക് മാറ്റിയിരുന്നു. ഉച്ചയ്ക്ക് ശേഷം ആരും അറിയാതെ തന്നെ അവൻ ആ പെൻസിൽ കൊണ്ടു പോയി ഉബൈദിന്റെ ബാഗിൽ വച്ചു. തന്റെ പെൻസിൽ തിരികെ കിട്ടിയെന്ന് അറിഞ്ഞ ഉബൈദ് സന്തോഷവാനായി

ആഴ്ച്ചകൾ കൊഴിഞ്ഞു വീണു കൊണ്ടേയിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അവന്റെ കൂട്ടുകാരൻ നഗരത്തിൽ നടക്കുന്ന ഫുട്ബോൾ മാച്ചിനെപ്പറ്റി അവനോട് പറഞ്ഞത് " എടാ പത്തു ദിവസമാണ് മാച്ച്.ഞാൻ നമുക്ക് വേണ്ട ടിക്കറ്റെടുത്തിട്ടുണ്ട് " " പക്ഷെ എങ്ങനെയാടാ പോവാ വീട്ടിൽ അറിഞ്ഞാൽ കട്ടയ്ക്ക്

സീനാവില്ലേടാ ". സത്യശീലൻ പരിഭ്രമിച്ച് പറഞ്ഞു "എടാ.... ഇത്ര ഈസിയായ കാര്യത്തിനാണോ നീ തലപുണ്ണാക്കണെ ?. ദേ കാലത്ത് ഇട്ട് ബാഗിൽ ബുക്കും പിന്നെ ചോറുമായി ഇറങ്ങുന്നു, സ്കൂളിലേക്ക് പോകുന്നതിനു പകരം ഫുട്ബോൾ സ്റ്റേഡിയത്തിലേക്ക്. ആർക്കും യാതൊരുവിധ സംശയവും ഉണ്ടാവില്ല.

അങ്ങനെ ആർക്കും ഒന്നും തോന്നാത്ത രീതിയിൽ വീട്ടിൽ നിന്ന് സ്റ്റേഡിയത്തിലേക്കും സ്റ്റേഡിയത്തിൽ നിന്ന് വീട്ടിലേക്കുമായി അങ്ങനെ തനിയെ അടർന്നു വീണു. പത്തു ദിവസം കഴിഞ്ഞു സ്കൂളിലേക്ക് തിരികെ വന്ന സത്യശീലൻ, വിശ്വസിപ്പിക്കുവാനായി ഒരു നല്ല നുണയുമായാണ് പോയത്. " ഇത്രേയും നാളെവിടെയായിരുന്നു സത്യാ " ടീച്ചർ വന്നമാതിരി തന്നെ ചോദിച്ചു. " അച്ഛൻ, .... വയ്യാതെ കിടപ്പായിരുന്നു കൂട്ടിരിപ്പിനു പോയതായിരുന്നു " അങ്ങനെ അവൻ കണ്ണുനീരിൽ ചാലിച്ച് അത് പറഞ്ഞു. ടീച്ചറുടെ പോലും കണ്ണുകൾ ഈറനണിയിപ്പിക്കുവാൻ അവന് കഴിഞ്ഞു. അതിനുശേഷം ഹെഡ്മാഷും അവനെ വിളിപ്പിച്ചു. ടീച്ചേറോട് പറഞ്ഞതു പോലെതന്നെ അവൻ കണ്ണുനീരൊഴുക്കി പറഞ്ഞു വിശ്വസിപ്പിച്ചു. ഹെഡ്മാഷിന്റെ റൂമിൽ നിന്നും അവൻ ഇറങ്ങി വന്നത് ഏതോയൊരു യുദ്ധം കഴിഞ്ഞുവരുന്ന ഒരു വീരയോദ്ധാവിനെ പോലെയായിരുന്നു

ഒരു പിരിഡ് കഴിഞ്ഞു..... സ്കൂളിന്റെ ഗ്രൗഡിലേക്ക് ചീറിപ്പാഞ്ഞു വന്നു......!!. അൽപ്പനേരം കഴിഞ്ഞതും പ്യൂൺ

സത്യശീലനെ ഹെഡ്മാഷ് വിളിക്കുന്നുയെന്ന് പറഞ്ഞ് വന്നു. ഹെഡ്മാഷിന്റെ റൂമിലേക്ക് വിഷാദമുഖത്തോടെയെത്തിയ സത്യശീലൻ ഓഫീസിൽ തന്റെ ബന്ധുക്കൾ ഇരിക്കുന്നതുകണ്ട് അമ്പരന്നു!!...." സത്യശീലാ....., നീ ഇവരുടെ കൂടെ പൊയിക്കോളൂ..... ". ഹെഡ്മാഷ് പറഞ്ഞു..... അവനൊന്നും മനസ്സിലായില്ല. കാറിൽ യാത്ര ചെയ്യവെ അവനോട് ആരും ഒന്നും ഉരിയാടിയില്ല.

അവർ എത്തിയത് സിറ്റിയിലെ ഒരു വലിയ ആശുപത്രിയിലേക്കാണ് അവനറിഞ്ഞത്, തന്റെ അച്ഛൻ കാറപകടത്തിൽ പരുക്കേറ്റ് അത്യാഹിതവിഭാഗത്തിൽ തീവ്രപരിചരണത്തിന് വിധേയനായിരിക്കുകയാണെന്ന്!!!. അവന്റെ കണ്ണുകൾ ഈറനണിഞ്ഞു...... തന്റെ അച്ഛൻ മരണത്തെ മുഖാമുഖം കണ്ടു കൊണ്ടിരിക്കുകയാണ് അവൻ ചില്ലു വാതിലിലൂടെ നോക്കികണ്ടു ." ഇപ്പോ തോന്നുകയാണ് ഒന്നും വേണ്ടായിരുന്നു എന്ന്..... എല്ലാം എന്റെ നുണ പറയൽ കാരണമാണ് " അവൻ ദു:ഖിച്ചിരുന്നു......

അൽപ്പനേരത്തിനുശേഷം സത്യന്റെ അച്ഛൻ കണ്ണു തുറന്നെന്നും കാണേണ്ടവർ വന്നു കണ്ടു കൊള്ളൂ എന്നും ഒരു നേഴ്സ് വന്ന് പറഞ്ഞു.സത്യൻ റൂമിലേക്ക് കയറി. അച്ഛന്റെ അടുത്തേക്ക് ഇരുന്നു "അച്ഛാ " അവൻ നീട്ടിവിളിച്ചു. "മോനെ, എനിക്ക് നിന്നോട് പറയാനുള്ളത് വളരെയേറെ പ്രധാനപ്പെട്ട ഒരു കാര്യമാണ് " അച്ഛൻ അവനോടായി പറഞ്ഞു: "നീ ഇനി മുതൽ ഒരിക്കലും നുണ പറയരുത് ...... സത്യം മാത്രം പറയുന്ന

സത്യശീലൻ തന്നെയാവണം നീ" അവൻ അച്ഛന് വാക്ക് കൊടുത്തു.

ആശുപത്രിയിൽ നിന്നും അവൻ പറത്തേക്കിറങ്ങിയത് ഒരു ഉത്തമമനുഷനായിട്ടാണ്.... സത്യം മാത്രം പറയുകയുള്ളുയെന്ന ദൃഢനിശ്ചയത്തോടെ.... അവൻ നന്നായി. അവനു മുൻപിൽ ഭാവി വഴി തുറന്നു കൊടുത്തു......

കൂട്ടുകാരെ, സത്യശീലനെ പോലെയുള്ളവർ നമുക്ക് ചുറ്റും ഇത് പോലെയുള്ള പലരും ഉണ്ടാകാം. നുണ നമുക്ക് സുപരിചിതമാണ്, അത് ഒരു ലഹരി പോലെയാണ്. പറഞ്ഞ് തുടങ്ങുമ്പോൾ നിർത്താമെന്ന് കരുതും പക്ഷെ വീണ്ടും അത് തുടർന്ന് കൊണ്ടേയിരിക്കും. ഒരു നെല്ലിക്ക പോലെ ആണ് സത്യം, അത് ആദ്യം കയ്ക്കും പിന്നെ മധുരിക്കും. പക്ഷെ സത്യം പറഞ്ഞാൽ മാത്രമെ നമുക്ക് ജീവിതവിജയം കരസ്ഥമാക്കുവാൻ കഴിയുകയുള്ളു......

സത്യമേവ ജയതെ

സത്യം ജയിക്കട്ടെ

ശുഭം

**ഡാനിയ C.V**

**8 A**











**BY**

**AREEB.T.K**

**IX B**

# THE MAGIC POT

Once upon a time,there was a farmer who was named Arun. Arun was a hard working man, he always goes to field in morning and return after 6:00 pm. One day he was digging his field, at that time he had found a pot and he takes the pot and kept aside then he started his usual activities.

After his work he ate his food by keeping his spade in the pot. After his food he was surprised and he was telling to himself “what a magic! my one spade turn into hundred spades.” Then he understood the secret of this pot, that change one component to hundred. Then he put a gold coin in the pot it changes to hundred coins. Then gradually he started to became rich.

But still he is hard working. By seeing this his neighbour Vikram got envious and he started to check the secret, how Arun became rich. At last he realised the secret of the magic pot and he steal it from Arun.

His neighbour done a big mistake, that puts his hands into the pot then his hands turned into hundred.

After this incident he started to walk along village and the villagers cried “look! look! A monster who had hundred hands” and they killed Vikram.

**Moral**:do not be envious and don’t steal from others


**By**

**Musthafa**

**VIII A**

# ടി. എച്ച്. എസിന്റെ കലാപ്രതിഭകൾ







# അഭിമാന നിമിഷം




## സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ കായികമേള ഓവറോൾ കിരീടം

# ഈ വർഷത്തെ നേട്ടങ്ങൾ



# കലാമേളയിലെ വിജയത്തിളക്കം



# കായികമേളയിൽ ഓവറോൾ നേടിയ

# കൊടുങ്ങല്ലൂർ Govt.THS ടീം



# ശാസ്ത്രമേളയിലെ പ്രതിഭകൾ



# കലാമേള ടീം



# നന്ദി

**ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായ ഹസ്തങ്ങൾ  നൽകിയ എല്ലാ ലിറ്റിൽ കൈറ്റ്സ്  അംഗങ്ങൾക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നന്ദി...... ഒരായിരം നന്ദി ...**

**- ലിറ്റിൽ കൈറ്റ്സ്**